LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ താഴെപ്പറയുന്നവയാണ്. കോർപ്പറേഷന്റെ പ്രധാന അസംസ്കൃത വസ്തുവായ ഈറ്റ കാലാകാലങ്ങളിൽ വനംവകുപ്പിൽനിന്ന് നൽകുന്ന അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. ചില വർഷങ്ങളിൽ അലോട്ട്മെന്റ് ലഭിക്കാൻ കാലതാമസം നേരിടാറുണ്ട്. ഇതുമൂലം, ഈറ്റ വിതരണത്തിൽ ദൗർലഭ്യം നേരിടുകയും ഈറ്റ, പനമ്പ്, മേഖല പ്രതിസന്ധിയിലാവുകയും ചെയ്യാറുണ്ട്. തന്മൂലം പനമ്പിന്റെ ലഭ്യത കുറയുകയും ബാംബുപ്ലൈയുടെ ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യാറുണ്ട്. പക്ഷേ ഇപ്പോൾ ഈ മേഖലയിൽ പ്രതിസന്ധികളൊന്നും നിലനിൽക്കുന്നില്ല.

(സി) 'ബാംബുപ്ലൈ'യുടെ ഉൽപ്പാദനത്തിനുവേണ്ട അസംസ്കൃത വസ്തുവായ ഫിനോളിന്റെ ദൗർലഭ്യംമൂലമാണ് ബാംബു ബോർഡ് ഫാക്ടറി ലേ-ഓഫ് ചെയ്യേണ്ടി വന്നത്. ഇന്ത്യാഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് പ്രവർത്തനം നിർത്തിവച്ചിരുന്നു. ഇന്ത്യയിൽ ഫിനോൾ നിർമ്മിക്കുന്ന ഏക സ്ഥാപനമാണിത്. മേൽസ്ഥാപനം പ്രവർത്തനം തുടങ്ങിയതിനുശേഷം ബാംബു ബോർഡ് ഫാക്ടറി ലേ-ഓഫ് ചെയ്യേണ്ടിവന്നിട്ടില്ല.

റാന്നി മണ്ഡലത്തിലെ ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്

200 (4191) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി മണ്ഡലത്തിലെ ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായി പി.ഐ.പി. വഴി എത്ര ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്; എത്രവർഷത്തേക്കാണ് ലഭിച്ചിട്ടുള്ളത്; പാട്ടത്തുക എത്രവീതമാണ് ഓരോ വർഷവും അടയ്ക്കേണ്ടത്; ഇതേവരെ പാട്ടത്തുകയിനത്തിൽ എത്രതുകയാണ് അടച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; പാട്ടവ്യവസ്ഥകൾ എന്തൊക്കെ എന്നു വ്യക്തമാക്കാമോ ;

(ബി) ഇവിടെ അപ്പാരൽ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ;

(സി) പാട്ട വ്യവസ്ഥയുടെ ലംഘനമുണ്ടാകാതെ, കിൻഫ്രയുടെ തന്നെ നേതൃത്വത്തിൽ ഈ ഭൂമിയിൽ എന്തെങ്കിലും വ്യവസായ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1.40558 ഏക്കർ സർക്കാർ ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്. 30 വർഷത്തേയ്ക്കാണ് പാട്ടത്തിന് ലഭിച്ചിട്ടുള്ളത്. 24,856 രൂപയാണ് ഓരോ വർഷവും അടയ്ക്കേണ്ടത്. ഇതേവരെ 49,714 രൂപ പാട്ടത്തുകയായി അടച്ചിട്ടുണ്ട്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

2011-12-24,856 രൂപ

2012-13 24,858 രൂപ.

പാട്ടവ്യവസ്ഥകൾ ചുവടെ ചേർക്കുന്നു :

1. പ്രസ്തുത ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ സംരക്ഷിക്കേണ്ടതാണ്. മരങ്ങൾ മുറിച്ചുമാറ്റേണ്ടിവന്നാൽ റവന്യൂ അധികാരികളുടെ അനുവാദം വാങ്ങുകയും മുറിച്ചുമാറ്റുന്ന മരങ്ങൾക്കുപകരം വൃക്ഷങ്ങൾ നടുകയും ചെയ്യേണ്ടതാണ്.
2. അനുവദിച്ചിട്ടുള്ള ആവശ്യത്തിന് മാത്രമേ ഭൂമി ഉപയോഗിക്കുവാൻ പാടുള്ളൂ.
3. അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം. അല്ലാത്ത പക്ഷം ഭൂമി തിരിച്ചെടുത്ത് റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്.
4. മൂന്നുവർഷം കൂടുമ്പോൾ പാട്ടം പുതുക്കേണ്ടതാണ്.
5. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ പാട്ടം അടയ്ക്കേണ്ടതാണ്.
6. ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്താൻ പാടില്ല.
7. ഭൂമി കയ്യേറ്റക്കാരിൽ നിന്നും ഭൂമി സംരക്ഷിക്കേണ്ട ചുമതല കിൻഫ്രയ്ക്കാണ്.
8. പ്രസ്തുത ഭൂമി ഉപപാട്ടത്തിന് നൽകുവാനോ തറവാടകയ്ക്ക് നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.

(ബി) ഇല്ല. ഫണ്ടിന്റെ അഭാവംമൂലമാണ് ടൂറൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ വന്നത്. പ്രസ്തുത സ്ഥലത്ത് ഒരു സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ വിലയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. റാന്നിയിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ താഴെപ്പറയുന്നവാണ് :

1. ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുക.

2. അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ചും സിഡ്കോ മാനേജിംഗ് ഡയറക്ടർ, ബഹു.എം.എൽ.എ.-യുമായി കൂടിയാലോചിച്ച് ശിപാർശ നൽകുക. ഇതുപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വ്യവസായ ഗ്രാമ പ്രഖ്യാപനം

201 (4192) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദ്യത്തെ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) വ്യവസായ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് അനുകൂലമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ അനേകം Industrial Promotional Activities വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിൽ വരുത്തുന്നുണ്ട്. അത്തരത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം മുൻകയ്യെടുത്ത് കരുനാഗപ്പള്ളി താലൂക്കിലെ പന്മന ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത ഒരു ആശയമാണ് വ്യവസായ ഗ്രാമം. ഈ ആശയം നടപ്പിലാക്കുന്നതിന് വേണ്ടി ആദ്യമായി തെരഞ്ഞെടുത്തത് പന്മന ഗ്രാമപഞ്ചായത്തിനെയാണ്.

LIBRARY ARCHIVES Kerala Legislative Assembly